# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.550 10.03.2015-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | **ശ്രീ.കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## 2014-15 സാമ്പത്തിക വർഷത്തെ വരവു-ചെലവു കണക്കുകൾ

| | | |
|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷം, എത്ര തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത്; ആയതു പ്രകാരം 2015 ജനുവരി 31 വരെ എത്ര തുക ചെലവഴിച്ചു; എത്ര തുകയുടെ വരുമാനം ലഭിച്ചു; | നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം 64842.35 കോടി രൂപയും, പ്രതീക്ഷിക്കുന്ന ആകെ ചെലവ് 79414.01 കോടി രൂപയും (തനി ചെലവ്) ആണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 44971.33 കോടി രൂപയും ആകെ ചെലവ് 57932.46 (തനി) കോടി രൂപയുമാണ്. |
| (ബി) | നിലവിൽ ഓരോ മാസവും ചെലവുകൾ നേരിടുന്നതിന് ശരാശരി എത്ര തുക ആവശ്യമുണ്ടെന്നും ഓരോ മാസവും വരവുകൾ ഇനത്തിൽ ശരാശരി എത്ര തുക കിട്ടുന്നുണ്ടെന്നും വ്യക്തമാക്കുമോ; | 2015 ഫെബ്രുവരി 28 വരെയുള്ള കണക്കുകൾ പ്രകാരം ഓരോ മാസവും ശരാശരി 4963.18 കോടി രൂപ വരവും (പൊതു വിപണിയിൽ നിന്നുള്ള കടം ഒഴികെ) ശരാശരി 6096.26 കോടി രൂപയും ചെലവുമാണ് ഉണ്ടാക്കുന്നത്. |
| (സി) | വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എത്ര തുകയുടെ കടം വാങ്ങിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ; | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി ഈ സാമ്പത്തിക വർഷം ഫെബ്രുവരി വരെ 12200 കോടി രൂപ പൊതു വിപണിയിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | നടപ്പു വർഷം ഓണം/ ക്രിസ്മസ് കാലത്ത് ചെലവുകൾക്കായി എന്തു തുക എവിടെ നിന്നെല്ലാം കടമെടുത്തു; | ഓണക്കാലത്ത് പൊതു വിപണിയിൽ നിന്ന് 1700 കോടി രൂപയും ക്രിസ്മസ് കാലത്ത് 300 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിൽ കടമെടുക്കേണ്ട ഗുരുതര സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുവദനീയമായ തുക മാത്രമാണ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിനായി നടപ്പുവർഷം ഇതുവരെ വായ്പയായെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ